(സി) പ്രസ്തുത തീരുമാനം നടപ്പിൽ വരുത്തുന്നതിനു വേണ്ട നടപടികൾ എടുത്തുവരുന്നു.

പോലീസ് അക്രമം

*൧൧൪൬. (൫൩) ശ്രീ. എ. കെ. പാച്ചുപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ൧൯൫൦ ഒക്ടോബർ ൨൦-ാംതീയതി കാഞ്ഞിരപ്പള്ളി പോലീസ്, തന്റെ വീട് തിരിച്ചു അനാവശ്യമായി പ്രവേശിച്ചുവെന്നും അംബികാവിലാസം വീട്ടിൽ പാറുക്കുട്ടി എന്ന ഒരു സ്ത്രീ മാപ്പെഴുതിക്കൊടുക്കാൻ, അധികാരികൾക്കും പരാതി അയച്ചിരുന്നോ;

(ബി) അതു സംബന്ധിച്ചു വസ്തുതകളുടെ വിവരം പറയുന്നതിനു മയവുണ്ടാകുമോ;

(സി) ആരോപണം ശരിയാണെങ്കിൽ അതിൽ സംബന്ധിച്ചു ഉദ്യോഗസ്ഥന്മാർ ആരെല്ലാം?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): (എ) ഉണ്ട്.

(ബി) ഹർജിക്കാരിയുടെ ഭർത്താവായ മാനവൻ എന്ന കോൺസ്റ്റബിൾ (പി. സി. ൟ൫൪) കോട്ടയം പോലീസ് റജിസ്റ്റർ ചെയ്തിട്ടുള്ള ഒരു അഴിമതി അന്വേഷണക്കേസിൽ ഉൾപ്പെട്ടിട്ടുള്ളതായി അറിവാകയാൽ ടി കോൺസ്റ്റബിളിന്റെ ഭവനം പോലീസിനു പരിശോധിക്കേണ്ടതായി വന്നു. മാന്യന്മാരായ അയൽപക്കക്കാരുടെയും മറ്റും സാന്നിദ്ധ്യത്തിലാണ് ഭവനപരിശോധന നടത്തിയതു്. പരിശോധനയ്ക്കു വന്നപ്പോൾ ഭവനം പൂട്ടിയിരിക്കുന്നതായി കാണുകയാൽ ഒരു കൊല്ലനെക്കൊണ്ടു പൂട്ടു തുറപ്പിക്കേണ്ടതായി വന്നു. ഹർജിയിൽ പ്രസ്താവിച്ചിട്ടുള്ളതായ ആരോപണങ്ങളും ശരിയല്ല.

(സി) ഉദിക്കുന്നില്ല.

Question posted for Answer on 8th November 1950

MINERALS IN SOUTH TRAVANCORE FOR MAKING PENCIL

*1193. [43] Sri. K. Ramakrishnan Achari: Will the Hon'ble Minister be pleased to answer the following questions:—

(a) are the Government aware that minerals like sulphur, Mica, and sand used for making pencil, etc. are available in South Travancore?

(b) if so, do the Government propose to process them?

Chief Minister (Sri. T. K. Narayana Pillai):

(a) Yes, as regards the minerals except Sulphur.

(b) Now minerals is a Central subject.

Questions posted for Answer on 10th November 1950

തിരുമുപ്പ് ടാങ്ക്

*൧൧൪൯. (൫൭) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തുവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ.—

(എ) പറവൂർ താലൂക്കിൽ കുന്നത്തുവകയായുള്ള തിരുമുപ്പ് ടാങ്ക് നന്നാക്കണമെന്നും പ്രസ്തുത താലൂക്കിനെ പ്രതിനിധീകരിക്കുന്ന ബഹുമാനപ്പെട്ട മെമ്പർ

LIBRARY ARCHIVES Kerala Legislative Assembly

മാർ നിയമസഭാചോദ്യങ്ങൾവഴിയായും നിവേദനങ്ങൾമുഖേനയും സർക്കാരി നോടാവശ്യപ്പെട്ടതായി ഓർക്കുന്നുണ്ടോ;

(ബി) പറവൂർ താലൂക്ക് ഫുഡ് പ്രൊഡക്ഷൻ കമ്മിറ്റി പ്രസ്തുത പണി അംഗീകരിച്ച് ഗവൺമെന്റിലേക്ക് സുപാർശ ചെയ്തതായി അറിയാമോ?

പൊതുമരാമത്തും, ഗതാഗതവും, കൃഷിയുംവകുപ്പ് മന്ത്രി (ശ്രീ. ഇ. ജാൻ ഫിലിപ്പോസ്) : (എ) ഉണ്ട്.

(ബി) അറിയാം. ഈ പണി ഫുഡ് പ്രൊഡക്ഷൻബോർഡ് അനുവദിച്ചിട്ടുള്ളതും priority അനുസരിച്ച് ജോലി ആരംഭിക്കുന്നതുമാണ്.

ഇടക്കൊച്ചി ബസ്സ്സ്റ്റാന്റിലെ അസൌകര്യം

*൧൧൯൬. (൩൦) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തുവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ.—

(എ) എറണാകുളം, കൊല്ലം, പാലാരിവട്ടം, കോട്ടയം, പെരുമ്പാവൂർ, എന്നീ സ്ഥലങ്ങളിലേക്ക് അന്തർജില്ലാ ബസ്സുകൾ ഇടവിട്ട് പുറപ്പെടുന്നതും തിരിച്ചുവരുന്നതുമായ പല ബസ്സുകളുടേയും കേന്ദ്രമായ ഇടക്കൊച്ചിയിൽ വിശ്രമസ്ഥലമോ, മലമൂത്രവിസർജ്ജനാദികർമ്മങ്ങൾക്കുള്ള കെട്ടിടമോ ഇല്ലാത്തതുനിമിത്തം സ്ത്രീപുരുഷന്മാരടങ്ങിയ അനേകം യാത്രക്കാർ വളരെ കഷ്ടപ്പെടുന്നുണ്ടെന്നുള്ള സംഗതി സർക്കാരിനറിയാമോ;

(ബി) കഴിഞ്ഞ നിയമസഭായോഗത്തിൽ ഈ സംബന്ധിച്ച് ഉന്നയിക്കപ്പെട്ട ഒരു ചോദ്യത്തിനു ഉത്തരമായി ബഹുമാനപ്പെട്ട മന്ത്രി, വേണ്ട കെട്ടിടങ്ങൾ ഉടനടി ഉണ്ടാക്കുവാൻ എസ്റ്റിമേറ്റ് ചെയ്യുന്നതാണെന്നു പറയുകയുണ്ടായില്ലേ?

(സി) ഇനിയെങ്കിലും ഈ അടിയന്തിരാവശ്യം സാധിക്കുന്നതിൽ വേണ്ട നടപടി എടുക്കുമോ?

മരാമത്തുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള) : (എ) ഇപ്പോൾ ഇടക്കൊച്ചി ബസ്സ്സ്റ്റാന്റിൽ ഒരു താൽക്കാലിക ഷെഡ്ഡുണ്ട്. എന്നാലും യാത്രക്കാർക്ക് സൌകര്യക്കുറവുണ്ടെന്നു തിരിച്ചറിഞ്ഞിട്ടുണ്ട്.

(ബി) വേണ്ട നടപടി എടുക്കുന്നതിനു ശ്രമിക്കാം എന്നു പറയുകയുണ്ടായിട്ടുണ്ട്.

(സി) സമീപമായ കെട്ടിടങ്ങൾ പണിയുവാൻ വേണ്ട നടപടി എടുക്കുന്നുണ്ട്.

CONSTRUCTION OF A BRIDGE

*1196. [30] Sri. Paul Thaliath: Will the Hon'ble Minister for Public Works be pleased to state:

(a) whether the Government have sanctioned the estimate for the construction of a bridge on the Puthenvalikara Poya Road;

(b) if the answer to (a) is in the affirmative when this work will be undertaken; and

(c) if the answer to (a) is in the negative the reasons for the delay in spite of the provision in the Budget.

Minister for Public Works, Communications and Agriculture (Sri. E. John Philipose):

(a) Yes.

LIBRARY ARCHIVES Kerala Legislative Assembly